| ജില്ല | PETC-യുടെ പേര് |
|---|---|
| തിരുവനന്തപുരം | മണ്ണന്തല PETC |
| എറണാകുളം | ആലുവ PETC |
| പാലക്കാട് | കുഴൽമന്ദം PETC |
| കോഴിക്കോട് | കോഴിക്കോട് PETC |

**വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയ സാമൂഹ്യക്ഷേമ പദ്ധതികൾ**

73(818) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെയുള്ള കാലയളവിൽ വർക്കല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് നടപ്പിലാക്കിയ വിവിധ സാമൂഹിക ക്ഷേമ പദ്ധതികളുടെ അടങ്കൽ തുകയും ചെലവാക്കിയ തുകയും സംബന്ധിച്ച വിശദവിവരം പദ്ധതി തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്കായി അനുവദിച്ച ആനുകൂല്യങ്ങൾ ഏതെല്ലാമെന്നും അതിനായി എത്ര തുക വിനിയോഗിച്ചെന്നും വ്യക്തമാക്കാമോ?

(എ & ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം**

74(819) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ലാത്ത മേഖലകളിൽ കണക്റ്റിവിറ്റി എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly